LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം താലൂക്ക് ഓഫീസ്

258 (1007) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ആസ്ഥാനമായി എട്ട് വർഷം പൂർത്തിയായിട്ടും താലൂക്ക് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മഞ്ചേശ്വരം താലൂക്ക് മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉപ്പള വില്ലേജിലെ റീസർവ്വെ നമ്പർ 186/2-ൽപ്പെട്ടതും മംഗൽവാടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ 0.6071 ഏക്കർ ഭൂമി (ഐല മൈതാനം) മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതും ടി സ്ഥലം റവന്യൂ വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

ആശ്വാസ് റെൻഡൽ സ്കീം

259 (1008) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിനടുത്ത് രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വാടകയ്ക്ക് താമസിക്കുന്നതിനായി ആശ്വാസ് റെൻഡൽ സ്കീം ആരംഭിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ?

തൃശ്ശൂർ മെഡിക്കൽ കോളേജിനടുത്ത് രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും വാടകയ്ക്ക് താമസിക്കുന്നതിന് ആശ്വാസ് റെൻഡൽ സ്കീം ആരംഭിക്കുന്നതിനായി 2020-21 സാമ്പത്തികവർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യഗഡുവായി 1 കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിരുന്നത്?

2020-21 സാമ്പത്തികവർഷത്തെ ബജറ്റിൽ പ്രസ്തുത പദ്ധതിക്ക് 4 കോടി രൂപ വകയിരുത്തിയിരുന്നു.